ഉത്തരം

(എ) ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., സി. ഡി. സ്കീം ആർ. എൽ. ഇ. ജി. പി. എ. എൻ. പി. തുടങ്ങിയ പദ്ധതികൾക്കായി ഈ കാലയളവിൽ പഴയകുന്നുംമേൽ പഞ്ചായത്തിൽ 19:39 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പ്രയോജനം പഞ്ചായത്തിൽ 366 പേർക്കു കിട്ടിയിട്ടുണ്ട്. ഇതിനു പുറമെ പഞ്ചായത്തിലെ പൊതു ജനങ്ങൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്.

ഇരുപതിനപരിപാടിയനുസരിച്ചു പള്ളിക്കൽ പഞ്ചായത്തിൽ ചെലവാക്കിയ തുക

1391. [2077] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപതിന പരിപാടിയനുസരിച്ച് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ മണ്ഡലത്തിൽ പള്ളിക്കൽ പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രയോജനം അവിടെ എത്ര പേർക്ക് ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. സി. ഡി. സ്കീം എ. എൻ. പി., തുടങ്ങിയ പദ്ധതികൾക്കായി ഈ കാലയളവിൽ പള്ളിക്കൽ പഞ്ചായത്തിൽ 6.71 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പ്രയോജനം പഞ്ചായത്തിൽ 409 പേർക്ക് കിട്ടിയിട്ടുണ്ട്. ഇതിനുപുറമേ ഈ പഞ്ചായത്തിലെ പൊതുജനങ്ങൾക്കും ലഭിച്ചിട്ടുണ്ട്.

ഇരുപതിനപരിപാടിയനുസരിച്ച് നാവായിക്കുളം പഞ്ചായത്തിൽ ചെലവഴിച്ച തുക

1392. [2078] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപതിനപരിപാടിയനുസരിച്ച് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ മണ്ഡലത്തിൽ നാവായിക്കുളം പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രയോജനം എത്ര പേർക്ക് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly